# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3107 21.08.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

**ആവശ്യമായ സുരക്ഷാസംവിധാനം ഒരുക്കാതെയുള്ള കെട്ടിട നിർമ്മാണപ്രവർത്തനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അൻവർ സാദത്ത് | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) ആവശ്യമായ സുരക്ഷാ സംവിധാനം ഒരുക്കാതെ സംസ്ഥാനത്ത് പല ഭാഗത്തും ഫ്ളാറ്റുകളുടെയും ഉയർന്ന കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനം നടത്തുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ: | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 08/06/2017 -ന് സംസ്ഥാനത്ത് വ്യാപകമായി തൊഴിൽ വകുപ്പ് നടത്തിയ സ്പെഷ്യൽ സ്ക്വാഡ് പരിശോധനയിൽ ആവശ്യമായ സുരക്ഷാ സംവിധാനം ഒരുക്കാതെ 71 സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനം നടത്തിവന്നതിന്റെ കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമലംഘന ങ്ങൾക്കെതിരെ ഇതരസംസ്ഥാന തൊഴിലാളി നിയമം 1979, കരാർ തൊഴിലാളിനിയമം 1970, ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ആക്ട് 1996 എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) തിരുവനന്തപുരം പാങ്ങപ്പാറയിൽ ഫ്ളാറ്റ് നിർമ്മാണത്തിനിടയിൽ മണ്ണിടിഞ്ഞ് വീണ് നാല് തൊഴിലാളികൾ മരണമടഞ്ഞ സംഭവത്തിൽ അവരുടെ ആശ്രിതർക്ക് എന്തെങ്കിലും ധനസഹായം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ടോ: | (ബി) മരണപ്പെട്ട 4 തൊഴിലാളികളുടെയും കുടുംബങ്ങൾക്ക് 2 ലക്ഷം രൂപാ വീതവും ഗുരുതരമായി പരിക്കേറ്റ ഒരാൾക്ക് 50000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 13.06.2017 ന് അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത ഫ്ളാറ്റ് നിർമ്മാതാക്കളായ കേരള ലാന്റ് റിഫോംസ് & ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ബിൽഡിംഗ് റൂൾസിന് അനുസൃതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ: | (സി) പരിശോധിച്ചിട്ടുണ്ട്. അപകടം നടന്ന സ്ഥലത്ത് പരിശോധനയിൽ നിർമ്മാണ സ്ഥലത്ത് നിയമാനുസരണം പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് നിർമ്മാണം നടന്നുവന്നത് എന്ന് മനസിലാക്കിയതിനെ തുടർന്ന് ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കാൻ തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും നിർമ്മാണ പ്രവർത്തന നിരോധന ഉത്തരവ് 06/06/2017-ന് നൽകിയിട്ടുണ്ട്. എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവ ലഭ്യമാക്കി ടി രേഖകൾ ഉടൻ തന്നെ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ് -1 പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമലംഘനം നടത്തിയ തൊഴിലുടമയെയും കരാറുകാരനെയും പ്രോസിക്യൂട്ട് ചെയ്യണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ആക്ട് 1996 നിയമപ്രകാരം ചീഫ് ഇൻസ്പെക്ടറായ ലേബർ കമ്മീഷണർ പ്രോസിക്യൂഷന് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) നിർമ്മാണപ്രവർത്തനങ്ങളിലെ സുരക്ഷാ പാളിച്ചകൾ ഒഴിവാക്കുവാനും അന്യ സംസ്ഥാനതൊഴിലാളികൾ ഉൾപ്പെടെ യുള്ളവരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനും നടപടി സ്വീകരിക്കുമോ: | (ഡി) തൊഴിലാളി സുരക്ഷ ഉറപ്പ് വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**